LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഒറ്റത്തവണ വ്യവസ്ഥയിൽ പരിഷ്കരിക്കാൻ നടപടി

214 (5299) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉണ്ടായിരുന്ന റോഡുകൾ ഒറ്റത്തവണ വ്യവസ്ഥയിൽ പരിഷ്കരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

ഉത്തരം

(എ-സി) ഉണ്ട്. ഗ്രാമീണ റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്നതും വികസനവും യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി 2011-12 മുതൽ നാളിതുവരെ 868.52 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തി മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

215 (5300) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15-ൽ കൊല്ലം ജില്ലയിൽ എത്ര ഗ്രാമീണ റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ; എത്ര തുക വീതമാണെന്ന് മണ്ഡലം തിരിച്ച് അറിയിക്കാമോ ?

ഉത്തരം

കൊല്ലം ജില്ലയിൽ 2014-15 സാമ്പത്തിക വർഷം 9 നിയമസഭാ മണ്ഡലങ്ങളിലേയ്ക്കായി 2124 ലക്ഷം രൂപയുടെ 60 ഗ്രാമീണ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.